# പ്രബോധകന്റെ വെറുപ്പും ഇഷ്ടവും

**എം. എം. അക്ബർ**

‘നിച്ച് ഓഫ് ട്രൂത്ത്’ സംഘടിപ്പിച്ച ഒരു പ്രഭാഷണ പരിപാടിക്ക് പോകാനൊരുങ്ങുന്ന തന്റെ അമുസ്‌ലിം സുഹൃത്തിനെ ഒരു മുസ്‌ലിം ഉപദേശിച്ചുവത്രെ: ‘‘ഇസ്‌ലാമിനെ സമ്പൂർണമായി പരിചയപ്പെടുത്തുന്നതല്ല ആ പരിപാടി. തന്റെ മതവികാരത്തെ വ്രണപ്പെടുത്തുകയും തത്ത്വദീക്ഷയില്ലാതെ മറ്റു മതങ്ങളെ വിമർശിക്കുകയും ചെയ്യുന്ന ഈ പരിപാടിക്ക് പോകാതിരിക്കുന്നതാണ് നല്ലത്. തന്റെ മതം മാത്രമാണ് ശരിയെന്ന് സ്ഥാപിക്കുന്ന ‘നിച്ച് ഓഫ് ട്രൂത്ത്’ പ്രോഗ്രാമുകൾവഴി നാട്ടിൽ നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം തകരുകയാണ് ചെയ്യുന്നത്’’. സുഹൃത്തിന്റെ വിലക്ക് മാനിക്കാതെ ആ സഹോദരൻ പ്രസ്തുത പ്രോഗ്രാമിൽ പങ്കെടുക്കുകയും തന്നെ ഉപദേശിച്ച ആളോട് ഇങ്ങനെ മറുപടി പറയുകയും ചെയ്തു: ‘‘താൻ പറഞ്ഞപോലെയൊന്നുമല്ലല്ലോ ആ പരിപാടി. അതിൽ സംബന്ധിച്ചപ്പോൾ ഇതേവരെ മനസ്സിലാക്കാനാവാതിരുന്ന പലതും അറിയാൻ കഴിഞ്ഞു. മാന്യവും വസ്തുനിഷ്ഠവുമായിരുന്നു വിമർശനങ്ങളെല്ലാം. പ്രഭാഷണത്തിലോ ചോദ്യങ്ങൾക്ക് നൽകിയ ഉത്തരങ്ങളിലോ മതവികാരം വ്രണപ്പെടുത്തുന്ന എന്തെങ്കിലും ഉള്ളതായി എനിക്ക് തോന്നിയില്ല’’.

മുമ്പ് ഒരു ലക്കത്തിൽ സൂചിപ്പിച്ച അന്ധമായ സംഘടനാപക്ഷപാതിത്വത്തിന്റെ മറ്റൊരു മാനം! തൗഹീദിന്റെ വിശ്വമാനവികതയെക്കുറിച്ചും ആദർശാധിഷ്ഠിത സാഹോദര്യത്തെക്കുറിച്ചും വാചാലരാകുന്നവരെ പോലും സങ്കുചിതത്വത്തിന്റെ മാളങ്ങളിലേക്ക് ഉൾവലിഞ്ഞ് ചെറുതാക്കുന്ന കക്ഷിത്വത്തിന്റെ പകയുടെ ഭീകര ചിത്രം!! ആദർശ പ്രബോധനരംഗത്തേക്ക് ഈ കുടിപ്പക കടന്നുവരുന്നത് ആത്മാർഥതയുടെ അഭാവം കൊണ്ട് മാത്രമല്ല; താൻ എന്തിന് വേണ്ടിയാണ് നിലനിൽക്കുന്നതെന്നും നിലനിൽക്കേണ്ടതെന്നും കൃത്യമായി അറിയാതെ അംഗത്വമുള്ള സംഘടനക്കുപിന്നിൽ അണിനിരക്കുകയും തന്റെ കക്ഷിക്കകത്ത് ശരിയായി തോന്നുന്നതെല്ലാം നന്മയാണെന്ന കേവല ധാരണയുടെ അടിസ്ഥാനത്തിൽ കുറേപ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഇതെല്ലാം സ്വാഭാവികമാണ്. ഒരു മുസ്‌ലിമിന്റെ ജീവിതത്തിലെ നന്മയും തിന്മയും തീരുമാനിക്കേണ്ടത് അവൻ അംഗത്വമെടുത്ത സംഘടനയല്ല, പ്രത്യുത ഖുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങളാണ്. അവൻ എങ്ങനെ എഴുന്നേൽക്കണമെന്നും അവൻ എങ്ങനെ ശൗച്യം ചെയ്യണമെന്നും മുതൽ രാഷ്ട്ര വ്യവഹാരങ്ങളോട് അവൻ എങ്ങനെ പ്രതികരിക്കണമെന്നുവരെ കൃത്യമായി പഠിപ്പിക്കുന്ന ഇസ്‌ലാമിക പ്രമാണങ്ങൾ അവൻ എങ്ങനെ പ്രബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും പറഞ്ഞു തരുന്നുണ്ട്. ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഇസ്‌ലാമീകരിക്കുവാൻ ശ്രമിക്കുന്നവർക്ക് പ്രബോധനത്തിന്റെ മാതൃകതേടി ദൈവശാപത്തിന് വിധേയരായ യഹൂദരെയോ മാർഗഭ്രംശത്തിലകപ്പെട്ട ക്രൈസ്തവരെയോ സമീപിക്കേണ്ട ഗതികേട് ഉണ്ടായിക്കൂടാത്തതാണ്. മതപ്ര ബോധനരംഗത്ത് ഖുർആൻ മാതൃകയായി അവതരിപ്പിച്ച പ്രവാചകന്മാരുടെ പാത വെടിഞ്ഞ് മിഷനറിമാരുടെയോ ആധുനിക വ്യക്തിത്വവികാസവിദഗ്ധരുടെയോ മാർഗം സ്വീകരിക്കണമെന്ന് ആർക്കെങ്കിലും തോന്നുന്നുവെങ്കിൽ അവർക്ക് ഇസ്‌ലാമിന്റെ അജയ്യതയോ ഇസ്‌ലാമിക പ്രമാണങ്ങളുടെ അന്യൂനതയോ വേണ്ടവിധം ബോധ്യപ്പെട്ടിട്ടില്ലെന്നാണ് വ്യക്തമാവുന്നത്.

ഇസ്‌ലാമല്ലാതെ മറ്റൊരു മോക്ഷമാർഗവുമില്ലെന്ന വസ്തുത ഖുർആൻ ആവർത്തിച്ച് പ്രഖ്യാപിക്കുന്നു.

‘‘തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷി മാത്സര്യം നി

മിത്തമത്രെ അത്. വല്ലവരും അല്ലാഹുവിന്റെ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്കു ചോദിക്കുന്നവനാകുന്നു'' (3:19).

''ഇസ്‌ലാം (ദൈവത്തിനായുള്ള ആത്മാർപണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും'' (3:85).

സകല മതങ്ങളെയും അതിജയിക്കുവാൻ വേണ്ടിയാണ് സത്യമതവുമായി അന്തിമ പ്രവാചകനെ നിയോഗിച്ചിരിക്കുന്നതെന്നും ഖുർആൻ ആവർത്തിച്ച് പ്രഖ്യാപിക്കുന്നുണ്ട്.

''അവനാണ് സന്മാർഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ. എല്ലാ മതത്തെയും അത് അതിജയിക്കുന്നതാക്കാൻ വേണ്ടി. ബഹുദൈവ വിശ്വാസികൾക്ക് അത് അനിഷ്ടകരമായാലും ശരി'' (9:33).

പ്രവാചകന്മാരെല്ലാം നിർവഹിച്ച സത്യമതത്തിലേക്കുള്ള ക്ഷണമെന്ന ദൗത്യം നിർവഹിക്കുക അന്തിമ പ്രവാചകനെ പിൻപറ്റിയുവരുടെയെല്ലാം ബാധ്യതയാണെന്നും അതാണ് ഏറ്റവും ഉത്തമമായ പ്രവർത്തനമെന്നും ഖുർആൻ അർഥശങ്കക്കിടയില്ലാത്തവണ്ണം വ്യക്തമാക്കുന്നുണ്ട്.

''(നബിയേ) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു; ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹുവത്രെ പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ''(12:108).

''അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും 'തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു' എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ഠമായ വാക്കു പറയുന്ന മറ്റാരുണ്ട്? ''(41:33).
പ്രമാണബദ്ധവും സദുപദേശാധിഷ്ഠിതവുമായിരിക്കണം സത്യമത പ്രബോധനമെന്നും, നല്ല രീതിയിലുള്ള വാദപ്രതിവാദങ്ങൾ ആദർശ പ്രബോധനത്തിന് അനിവാര്യമാണെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

''യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെ പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെ പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ''(16:125).

ഖുർആനിൽനിന്നും തിരുസുന്നത്തിൽനിന്നും പ്രബോധന പ്രവർത്തനങ്ങൾക്ക് മാതൃക കണ്ടെത്തുന്നവർക്ക് ഇസ്‌ലാം മാത്രമാണ് സത്യമതമെന്ന യാഥാർഥ്യം ഉറക്കെ വിളിച്ച് പറയാതിരിക്കാനാവില്ല. സമൂഹത്തിന്റെ മതവികാരം വ്രണപ്പെടുകയല്ല വസ്തുനിഷ്ഠവും സത്യസന്ധവുമായി ഈ ദൗത്യം നിർവഹിച്ചാലുണ്ടാവുകയെന്നതാണ് അനുഭവങ്ങൾ നൽകുന്ന പാഠം. മതപ്രബോധകർ മത വിദ്വേഷം പ്രചരിപ്പിക്കുന്നവരാകരുതെന്നത് ശരിയാണ്. എന്നാൽ മതവികാരത്തിന്റെ പേരിൽ സർവ മത സത്യവാദത്തിന്റെ പ്രചാരകരായിത്തീരേണ്ടവരല്ല പ്രബോധകന്മാർ. സമൂഹം വെറുത്താലും ഭത്സിച്ചാലുമെല്ലാം സർവശക്തനിൽ ഭരമേൽപിച്ച് സത്യമത പ്രബോധനരംഗത്ത് നിലയുറപ്പിക്കേണ്ടവരാണവർ. കേവലമായ കക്ഷിത്വത്തിന്റെ പേരിൽ ഒരാൾക്ക് സത്യസന്ദേശമെത്തുന്നതിനെ തടസ്സപ്പെടുത്തുന്നവരായിക്കൂടാ അവർ. ആരുടെയും ഭത്സനത്തെ

ഭയപ്പെടാതെ സത്യമത പ്രബോധനരംഗത്ത് നിലയുറപ്പിച്ച ഇബ്‌റാഹീം നബി(അ)യുടെ മാതൃകയുൾക്കൊണ്ട് ധർമസമരം ചെയ്യുവാനായി തെരഞ്ഞെടുക്കപ്പെട്ടവരാണ് തങ്ങളെന്ന ബോധമാണ് ഓരോ മുസ്‌ലിമിനും ഉണ്ടായിരിക്കേണ്ടത്. ഈ ബോധമാകണം പ്രബോധനരംഗത്തെ നമ്മുടെ പ്രചോദനം. കേവലമായ കക്ഷിതാൽപര്യങ്ങൾക്കതീതമായി സത്യമതപ്രബോധനം നിർവഹിക്കാൻ സന്നദ്ധമാകുന്നവർക്ക് അല്ലാഹുവിന്റെ സഹായം ഉണ്ടാകും; അവന്റെ സഹായമാണ് ഏറ്റവും വലുത്; അതിൽ മാത്രമാണ് പ്രബോധകന്റെ പ്രതീക്ഷ.

''അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ്ട മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ നിങ്ങളെ ഉത്കൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്‌റാ ീമിന്റെ മാർഗമത്രെ അത്. മുമ്പും (മുൻവേദങ്ങളിലും) ഇതിലും (ഈ വേദത്തിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്‌ലിംകൾ എന്ന് പേര് നൽകിയിരിക്കുന്നു. റസൂൽ നിങ്ങൾക്ക് സാക്ഷിയായിനിൽക്കുവാനും, നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും വേണ്ടി. ആകയാൽ നിങ്ങൾ നമസ്കാരം മുറപേലെ നിർവഹിക്കുകയും സക്കാത് നൽകുകയും, അല്ലാഹുവെ മുറുകെ പിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി!'' (22:78).